: ഭരണഭാഷ - മാതൃഭാഷ :

**പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ (ആരോഗ്യം) കാര്യാലയം**
**സിവിൽ സ്റ്റേഷൻ നാലാം നില, പത്തനംതിട്ട.പി.ഒ., പിൻ.- 689 645**
**ഫോൺ 04682222642**
**ഇമെയിൽ:-** dmohpathanamthitta@gmail.com

നം.സി1-1209/2022

തീയതി 17.02.2022

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
പത്തനംതിട്ട.

**ജോർജ്ജ് വർഗ്ഗീസ്**
സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കന്ററി സ്ക്കൂൾ കൈപ്പട്ടൂർ, പത്തനംതിട്ട

വിഷയം: പൊതുജനാരോഗ്യം- സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കന്ററി സ്ക്കൂൾ കൈപ്പട്ടൂർ എന്ന സ്ഥാപനത്തിന് ഹെൽത്ത് ആന്റ് സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്-സംബന്ധിച്ച്.

സൂചന:- സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കന്ററി സ്ക്കൂൾ സെക്രട്ടറിയുടെ അപേക്ഷ.തീയതി:27/01/2022

സൂചന അപേക്ഷയിന്മേൽ ഈ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ടി സ്ഥാപനത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടി റിപ്പോർട്ട് പ്രകാരം

കോന്നി താലൂക്കിൽ വള്ളിക്കോട് വില്ലേജിൽ വള്ളിക്കോട് പഞ്ചായത്തിൽ 2-ാം വാർഡിൽ സർവ്വേ നമ്പർ 308/3, 310/3, 194/4,5, 192/1-14/110 എന്നീ സർവ്വേ നമ്പരിൽപെട്ട സ്ഥലത്തു പ്രവർത്തിച്ചുവരുന്ന സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കന്ററി സ്ക്കൂളിൽ എൽ.കെ.ജി മുതൽ 12-ാം ക്ലാസുവരെ 652 കുട്ടികൾ പഠിക്കുന്നുണ്ടെന്നും 38 അദ്ധ്യാപകർ 17 അനദ്ധ്യാപകർ ഇവിടെ ജോലി ചെയ്തുവരുന്നു. ഇവർക്ക് പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ട്. ആൺകുട്ടികൾക്ക് 48 പെൺകുട്ടികൾക്ക് 36 എന്നീ ക്രമത്തിൽ ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അദ്ധാപകർക്കും അനദ്ധ്യാപകർക്കും പ്രത്യേകം ശൗചാലയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കിയിട്ടുണ്ട്. പെൺകുട്ടികൾക്ക് നാപ്കിൻ ഡിസ്ട്രോയർ സൗകര്യം ഉണ്ട്. കുടിവെള്ളത്തിനായി കിണർ ജലം ഉപയോഗിക്കുന്നു. കിണർ വെള്ളം പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്. വെള്ളം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചു അണുവിമുക്തമാക്കുന്നു. മാലിന്യങ്ങൾ കത്തിക്കുന്നതിന് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

കുട്ടികൾക്കും ജീവനക്കാർക്കും ഫസ്റ്റ് എയ്ഡ് സംവിധാനം, ഒബ്സെർവേഷൻ റൂം, സന്ദർശക റൂം, എന്നിവ നിലവിലുണ്ട്. പൊതുവേ ആരോഗ്യകരമായ ചുറ്റുപാടിലാണ് ഈ സ്ക്കൂൾ പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ സി.ബി.എസ്.ഇ അംഗീകാരം ലഭിക്കുന്നതിന് സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു.

വിശ്വസ്തതയോടെ,

18/2/22

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

OFFICE OF DISTRICT MEDICAL OFFICER OF HEALTH, PATHANAMTHITTA PIN-689 645.

Scanned by CamScanner